എ.വൈ.ആർ

സൂറ-10

# യൂനുസ്

هُوَ ٱلَّذِى يُسَيِّرُكُمْ فِى ٱلْبَرِّ وَٱلْبَحْرِ ۖ حَتَّىٰٓ إِذَا كُنتُمْ فِى ٱلْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا۟ بِهَا جَآءَتْهَا رِيحٌ عَاصِفٌ وَجَآءَهُمُ ٱلْمَوْجُ مِن كُلِّ مَكَانٍ وَظَنُّوٓا۟ أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ لَئِنْ أَنجَيْتَنَا مِنْ هَـٰذِهِۦ لَنَكُونَنَّ مِنَ ٱلشَّـٰكِرِينَ ﴿٢٢﴾

فَلَمَّآ أَنجَىٰهُمْ إِذَا هُمْ يَبْغُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۗ يَـٰٓأَيُّهَا ٱلنَّاسُ إِنَّمَا بَغْيُكُمْ عَلَىٰٓ أَنفُسِكُم ۖ مَّتَـٰعَ ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ إِلَيْنَا مَرْجِعُكُمْ فَنُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٢٣﴾

22 അവനാകുന്നു നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നത്. അങ്ങനെ അവർ കപ്പലിൽ കയറി അനുകൂല വാതത്താൽ സന്തുഷ്ടരായി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു കൊടുങ്കാറ്റ് വന്നെത്തുന്നു. നാനാവശത്തുനിന്നും തിരമാലകൾ ആഞ്ഞടിക്കുന്നു. തങ്ങൾ അത്യാഹിതത്താൽ വലയം ചെയ്യപ്പെട്ടുകഴിഞ്ഞു എന്ന് സഞ്ചാരികൾ ഉൽകണ്ഠാകുലരാകുന്നു. ആ സന്ദർഭത്തിൽ അവരെല്ലാം നിഷ്കളങ്കരായി വണക്കം അല്ലാഹുവിനുമാത്രം സമർപ്പിച്ചുകൊണ്ട് പ്രാർഥിക്കുകയായി: നാഥാ, ഈ അത്യാഹിതത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ള ദാസന്മാരാകും.

23 അങ്ങനെ അവൻ രക്ഷിച്ചപ്പോഴോ, അവരതാ ഭൂമിയിൽ അന്യായമായ അതിക്രമങ്ങളനുവർത്തിച്ചു തുടങ്ങുന്നു. അല്ലയോ മനുഷ്യരേ, നിങ്ങളുടെ അതിക്രമങ്ങൾ നിങ്ങളോടു തന്നെയാകുന്നു. ക്ഷണികമായ ഭൗതിക ജീവിതത്തിലെ സുഖഭോഗങ്ങൾ; അനുഭവിച്ചുകൊള്ളുക. അനന്തരം നിങ്ങൾ നമ്മുടെ സന്നിധിയിൽ തിരിച്ചെത്തേണ്ടതുണ്ട്. നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ യാഥാർഥ്യമെന്തെന്ന് അപ്പോൾ നാം പറഞ്ഞു തരുന്നതാകുന്നു.

هُوَ ٱلَّذِى يُسَيِّرُكُمْ= അവനാകുന്നു നിങ്ങളെ സഞ്ചരിപ്പിക്കുന്നത് فِى ٱلْبَرِّ= കരയിൽ وَٱلْبَحْرِ= കടലിലും
حَتَّىٰٓ إِذَا كُنتُمْ= അങ്ങനെ നിങ്ങൾ ആയാൽ(കയറിയാൽ) فِى ٱلْفُلْكِ= കപ്പലിൽ
وَجَرَيْنَ بِهِم= അവരെയുംകൊണ്ട് അത് സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ بِرِيحٍ طَيِّبَةٍ= നല്ല കാറ്റുകൊണ്ട് (അനുകൂലവാതത്താൽ)
وَفَرِحُوا۟ بِهَا= അതുകൊണ്ട് അവർ സന്തുഷ്ടരായി جَآءَتْهَا= (പെട്ടെന്ന്) അതിനു (കപ്പലിന്) വന്നെത്തി (ത്തുന്നു)
رِيحٌ عَاصِفٌ= ഒരു കൊടുങ്കാറ്റ് وَجَآءَهُمُ ٱلْمَوْجُ= തിരമാലകൾ അവർക്കുനേരെ വന്നു (ആഞ്ഞടിക്കുന്നു)
مِن كُلِّ مَكَانٍ= നാനാവശത്തുനിന്നും وَظَنُّوٓا۟= അവർ ഭാവിച്ചു (ഉൽകണ്ഠാകുലരാകുന്നു)

أَنَّهُمْ أُحِيطَ بِهِمْۙ= എന്തെന്നാൽ അവർ (അത്യാഹിതത്താൽ) വലയം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്ന്
دَعَوُاْ ٱللَّهَ= (ആ സന്ദർഭത്തിൽ) അവർ അല്ലാഹുവിനോട് പ്രാർഥിക്കുകയായി
مُخْلِصِينَ لَهُ ٱلدِّينَ= അനുസരണം അവന് നിഷ്കളങ്കമാക്കുന്നവരായി(വണക്കം അല്ലാഹുവിന് മാത്രം സമർപ്പിച്ചുകൊണ്ട്)
لَئِنْ أَنجَيْتَنَا مِنْ هَٰذِهِۦ= (നാഥാ) നീ ഞങ്ങളെ ഈ അത്യാഹിതത്തിൽനിന്ന് രക്ഷിച്ചെങ്കിൽ
لَنَكُونَنَّ= തീർച്ചയായും ഞങ്ങൾ ആകും مِنَ ٱلشَّٰكِرِينَ= നന്ദിയുള്ളവരിൽ പെട്ടവർ فَلَمَّآ أَنجَىٰهُمْ= അവൻ അവരെ രക്ഷിച്ചപ്പോഴോ
إِذَا هُمْ= (ഉടനെ) അവരതാ يَبْغُونَ= അതിക്രമം പ്രവർത്തിക്കു(ച്ചുതുടങ്ങു)ന്നു فِى ٱلْأَرْضِ= ഭൂമിയിൽ
بِغَيْرِ ٱلْحَقِّ= അവകാശമില്ലാതെ, അന്യായമായി يَٰٓأَيُّهَا ٱلنَّاسُ= അല്ലയോ മനുഷ്യരേ إِنَّمَا بَغْيُكُمْ = നിങ്ങളുടെ അതിക്രമം
عَلَىٰٓ أَنفُسِكُمۖ= നിങ്ങളോടു തന്നെയാകുന്നു مَّتَٰعَ= ചരക്ക്, വിഭവം (സുഖഭോഗങ്ങൾ അനുഭവിച്ചുകൊള്ളുക)
ٱلْحَيَوٰةِ ٱلدُّنْيَا= (ക്ഷണികമായ)ഭൗതികജീവിതത്തിന്റെ ثُمَّ إِلَيْنَا مَرْجِعُكُمْ= (മടങ്ങേണ്ടതുണ്ട്) പിന്നെ നിങ്ങളുടെ മടക്കം നമ്മിലേക്ക്
فَنُنَبِّئُكُم= അപ്പോൾ നാം നിങ്ങൾക്ക് പറഞ്ഞുതരുന്നതാകുന്നു
بِمَا كُنتُمْ تَعْمَلُونَ= നിങ്ങൾ പ്രവർത്തിച്ചിരുന്ന(തിന്റെ യാഥാർഥ്യം) തിനെക്കുറിച്ച്

**22,23:** ഏതോ കാരണത്താൽ എങ്ങനെയോ രൂപം കൊണ്ട പ്രാപഞ്ചിക പ്രതിഭാസങ്ങളെ മനുഷ്യൻ സ്വന്തം ബുദ്ധികൊണ്ടും സാമർഥ്യംകൊണ്ടും കണ്ടെത്തി പ്രയോജനപ്പെടുത്തുന്നു എന്നാണ് മനുഷ്യന്റെ ധാരണ. പ്രതിഭാസങ്ങൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനും ബുദ്ധിയും സാമർഥ്യവും വേണമെന്നതു ശരിതന്നെ. പക്ഷേ, ഈ പ്രതിഭാസങ്ങളൊന്നും അകാരണമായോ അലക്ഷ്യമായോ രൂപംകൊണ്ടതല്ല. മനുഷ്യൻ അവന്റെ ബുദ്ധിസാമർഥ്യം കൊണ്ട് കണ്ടെത്താനും പ്രയോജനപ്പെടുത്താനും വേണ്ടി ആസൂത്രിതമായി സൃഷ്ടിക്കപ്പെട്ടതാണ്. അതിനൊരു ഉദാഹരണമാണ് സമുദ്രം. അത് യാദൃഛികമായി അങ്ങനെ ആയതുകൊണ്ട് മനുഷ്യൻ കപ്പലോട്ടാനും മത്സ്യബന്ധനത്തിനും ഉപ്പെടുക്കാനുമൊക്കെ പ്രയോജനപ്പെടുത്തുകയല്ല. മറിച്ച് മനുഷ്യന് അത്തരം പ്രയോജനങ്ങൾ നൽകേണ്ടതിനായി അല്ലാഹു അതിനെ അങ്ങനെ ആസൂത്രണം ചെയ്തു സൃഷ്ടിച്ചിരിക്കുകയാണ്. ഇതുതന്നെയാണ് കരയുടെയും അവസ്ഥ. "ഭൂമിയിലുള്ളതൊക്കെയും നിങ്ങൾ മനുഷ്യർക്കുവേണ്ടി സൃഷ്ടിച്ചുവെച്ചവനാണവൻ" (2: 29). അതിനാൽ കപ്പലുണ്ടാക്കി കടലിലോട്ടുന്നതും മൃഗങ്ങളെ മെരുക്കിയും വാഹനങ്ങൾ നിർമിച്ചും കരയിലോട്ടുന്നതും മനുഷ്യരാണെങ്കിലും യഥാർഥത്തിൽ അവനെ സഞ്ചാരം ചെയ്യിക്കുന്നത് അല്ലാഹുവാണ്. പക്ഷേ എല്ലാം തങ്ങളുടെ സാമർഥ്യം മാത്രമാണെന്നത്രെ സാക്ഷാൽ അല്ലാഹുവിനെ അറിയാത്തവർ കരുതുന്നത്. കപ്പലും മറ്റു വാഹനങ്ങളും നിർമിച്ചെടുക്കാൻ ബുദ്ധിക്ക് പ്രചോദനമേകുകയും അതിനു പറ്റിയ വിഭവങ്ങൾ ഭൂമിയിൽ സുലഭമാക്കുകയും കരയെയും കടലിനെയും ഗതാഗതയോഗ്യമാക്കുകയും ചെയ്ത അല്ലാഹുവിനെ അവർ വിസ്മരിക്കുന്നു. അനുകൂലമായ കാറ്റ് ഉപയോഗപ്പെടുത്തി കപ്പൽസഞ്ചാരം ചെയ്യുമ്പോൾ യാനപാത്രം നിർമിച്ചതിലും അനുകൂലവാതം ഉപയോഗപ്പെടുത്താൻ കഴിഞ്ഞതിലും അവർ നിഗളിക്കുന്നു.

കപ്പൽ എന്ന അർഥത്തിൽ ഏകവചനമായും ബഹുവചനമായും ഉപയോഗിക്കുന്ന പദമാണ് فُلْك. ഇത് فَلَك ആകുമ്പോൾ അർഥം ഗോളം എന്നും ഭ്രമണപഥം എന്നുമാകുന്നു. فَلَك ന്റെ ബഹുവചനം أفلاك. ഇവിടെ فُلْك കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് ബഹുവചനമാണെന്ന് തുടർന്ന് വരുന്ന جَرَيْنَ എന്ന ബഹുവചന ക്രിയാപദം സൂചിപ്പിക്കുന്നു. ആദ്യം يُسَيِّرُكُمْ (നിങ്ങളെ സഞ്ചരിപ്പിക്കുന്നു) എന്നും പിന്നീട് وَجَرَيْنَ بِهِم (അവരെയുംകൊണ്ട് അത് സഞ്ചരിച്ചു) എന്നും പറഞ്ഞതിലെ മധ്യമ പുരുഷ-പ്രഥമ പുരുഷ ബഹുവചനങ്ങൾ ഒരേ കൂട്ടരെ തന്നെയാണ് ഉദ്ദേശിക്കുന്നത്. ആദ്യം സംബോധന ചെയ്യുന്നത് വിശ്വാസികളെയാണ്. പിന്നീട് وَجَرَيْنَ بِهِم എന്ന് പറഞ്ഞത് മുന്നിലുള്ള വിശ്വാസികളോടൊപ്പം മുന്നിലില്ലാത്ത അവിശ്വാസികളെയും ഉൾക്കൊള്ളുന്നതുകൊണ്ടാണ് അവിടെ പ്രഥമപുരുഷ സർവനാമം ഉപയോഗിച്ചത്. നല്ലതും ശുദ്ധമായതുമാണ് طَيِّبَةٍ. ഒരു വസ്തു ഉദ്ദിഷ്ട കാര്യത്തിന് ഏറ്റം അനുയോജ്യമായി വരുമ്പോൾ അതിനെയും طَيِّبَةٍ എന്ന് വിശേഷിപ്പിക്കും. അവരെ ലക്ഷ്യസ്ഥാനത്തെത്തിക്കാൻ ഏറ്റം അനുയോജ്യമായ കാറ്റ് എന്നാണ് ഇവിടെ വിവക്ഷ. നിഷ്കളങ്കത, ആത്മാർഥത എന്നീ അർഥമുള്ള إخلاص ൽനിന്നുള്ള ബഹുവചന കർതൃപദമാണ് مخلصون. അനുസരണവും കീഴ്വണക്കവുമാണ് ٱلدِّينَ. 'വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കുന്നവരായി' എന്നതിന്റെ താൽപര്യം, അല്ലാഹുവിനുമാത്രം ഇബാദത്തു ചെയ്യുന്നവരായി എന്നാണ്. അതായത് അത്തരം സന്ദിഗ്ധ ഘട്ടങ്ങളിൽ അവർ സാക്ഷാൽ അല്ലാഹുവിനെയല്ലാതെ അവന്റെ പങ്കാളികളെന്ന് ആരോപിക്കപ്പെടുന്ന ആരെയും വിളിക്കുകയില്ല. ആപത്തിന്റെ ആദ്യലക്ഷണങ്ങൾ കാണുമ്പോൾ പുണ്യാത്മാക്കളെയും ദേവീദേവന്മാരെയുമൊക്കെ പ്രാർഥിച്ചെന്നും അവർക്ക് വലിയ വലിയ വഴിപാടുകൾ നേർന്നെന്നുമിരിക്കും. പക്ഷേ, തങ്ങൾ അത്യാഹിതത്താൽ വലയം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്ന് ബോധ്യമായാൽ അത്തരം ഉപദൈവങ്ങളെയെല്ലാം മറക്കുന്നു. ഇനി സാക്ഷാൽ ദൈവം മാത്രമേ തങ്ങളെ രക്ഷിക്കൂ, അവന്നുമാത്രമേ അതിനു കഴിയൂ എന്നു സ്വയം മനസ്സിലാക്കുന്നു. ആ പ്രത്യേക സാഹചര്യത്തിലെ കാര്യമാണിവിടെ പറയുന്നത്. അതോടെ അവർ എന്നെന്നേക്കും ബഹുദൈവത്വം -شرك-വർജിച്ചു എന്ന് ഇതിന് അർഥമില്ല. അതാണ് അവർക്കെതിരായി ന്യായമായി ഉന്നയിക്കുന്നത്.

നിർണായക ഘട്ടങ്ങളിൽ ഉപദൈവങ്ങളെയെല്ലാം മറന്ന് അല്ലാഹുവിനെമാത്രം പ്രാർഥിക്കുന്നതിനർഥം, രക്ഷാ ശിക്ഷകൾക്കധിപനും ആപത് ബാന്ധവനും, യഥാർഥത്തിൽ ഏകനായ സാക്ഷാൽ ദൈവം മാത്രമാണെന്നത് നിങ്ങളുടെ മനസ്സാക്ഷി സമ്മതിക്കുന്ന മൗലിക സത്യമാകുന്നു എന്നാണ്. സന്ദിഗ്ധ ഘട്ടങ്ങളിലെ പ്രാർഥനയെക്കുറിച്ച് സൂറ *അൽഅൻആം* 40-41 സൂക്തങ്ങളിൽ പറയുന്നതിങ്ങനെയാണ്:

أَغَيْرَ ٱللَّهِ تَدْعُونَ إِن كُنتُمْ صَٰدِقِينَ ﴿٤٠﴾ بَلْ إِيَّاهُ تَدْعُونَ (അത്യാപൽഘട്ടങ്ങളിൽ, അല്ലാഹുവല്ലാത്തവരെയാണോ നിങ്ങൾ വിളിച്ചു പ്രാർഥിക്കുക? സത്യസന്ധരെങ്കിൽ മറുപടി പറയുവിൻ. അല്ല, അന്നേരം അല്ലാഹുവിനെ മാത്രമേ നിങ്ങൾ പ്രാർഥിക്കൂ). അത്തരം സന്ദർഭങ്ങളിൽ ഉപദൈവങ്ങളെയൊക്കെ മനുഷ്യർ മറന്നുപോകും എന്നും തുടർന്ന് പ്രസ്താവിക്കുന്നുണ്ട്. ഉപദൈവ

ങ്ങളെ മാത്രമല്ല, നാസ്തികത്വവും ഭൗതികവാദവുമെല്ലാം മറന്നു പോകും. ഏകനായ അല്ലാഹുവിന്റെ അസ്തിത്വവും ആധിപത്യവും കഴിവുമെല്ലാം അപ്പോൾ സർവാത്മനാ അംഗീകരിക്കുകയും നാഥാ, ഈ അത്യാഹിതത്തിൽനിന്ന് നീ ഞങ്ങളെ രക്ഷിച്ചാൽ മേലിൽ ഞങ്ങൾ നിന്റെ നന്ദിയുള്ള ദാസന്മാരായിക്കൊള്ളാമെന്ന് താണുകേണ് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു.

ആപത്തിൽനിന്ന് രക്ഷപ്പെട്ടാലോ, മനസ്സിൽ തെളിഞ്ഞ സത്യങ്ങളെയെല്ലാം ഊതിക്കെടുത്തി പൂർവ നിലപാടുകളിലേക്കു തന്നെ മടങ്ങുകയായി. يَبْغُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ എന്ന വാക്യത്തെയാണ്, 'ഭൂമിയിൽ അന്യായമായി അതിക്രമങ്ങളനുവർത്തിച്ചു തുടങ്ങുന്നു' എന്ന് തർജമ ചെയ്തിട്ടുള്ളത്. بغى ൽ നിന്നുള്ള വർത്തമാന ബഹുവചന ക്രിയയാണ് يَبْغُونَ. അഹന്ത, ധിക്കാരം, വിദ്വേഷം, പക, വിഗ്രഹാരാധന, പരദ്രോഹം, വ്യഭിചാരം, ചൂതാട്ടം, കൊള്ള തുടങ്ങിയ അക്രമപരവും അധാർമികവുമായ എല്ലാ നടപടികളെയും ഉൾക്കൊള്ളുന്ന പദമാണ് بغى. അന്യായമായ -بِغَيْرِ ٱلْحَقِّ- എന്ന വിശേഷണത്തിന് രണ്ട് താൽപര്യങ്ങളാവാം. ഒന്ന്, അന്യായം ആയിരിക്കുക എന്നത് بغىന്റെ ഗുണമാണ്. രണ്ട്, അതിക്രമം ചില സന്ദർഭങ്ങളിൽ ന്യായമായിത്തീരും. *ഖുർആൻ ബോധനം* സൂറ *അൽ അഅ്റാഫ്* 33-ാം സൂക്തത്തിനു താഴെ ഇത് വിശദീകരിച്ചിട്ടുണ്ട്. അത്തരം അനിവാര്യമായ അതിക്രമങ്ങളിലേർപ്പെടുന്നവരല്ലാത്തവരെയാണ് ഇവിടെ പരാമർശിക്കുന്നത്.

ബഹുദൈവവിശ്വാസികളുടെയും ദൈവനിഷേധികളുടെയും മനഃസാക്ഷിയെതന്നെ അവരുടെ നിലപാടുകൾക്കെതിരായി സാക്ഷിയാകുന്നതിന്റെ ഉദാഹരണം അവതരിപ്പിച്ചശേഷം മനുഷ്യവർഗത്തിന് പൊതുവിലും ഖുറൈശികൾക്ക് പ്രത്യേകിച്ചും ഒരു താക്കീതു നൽകിയിരിക്കുകയാണ്. ഖുർആൻ പല ശൈലികളിൽ ആവർത്തിച്ചിട്ടുള്ളതാണീ താക്കീത്. സൃഷ്ടികളോടാവട്ടെ, സ്രഷ്ടാവിനോടാവട്ടെ മനുഷ്യൻ ചെയ്യുന്ന അക്രമങ്ങൾ യഥാർഥത്തിൽ സംഭവിക്കുന്നത് തനിക്കെതിരായിട്ടു തന്നെയാണ്. ഓരോ അധർമ നടപടികൊണ്ടും അവൻ ഉദ്ദേശിച്ച നന്മയെക്കാൾ- അതുനേടിയാലും ഇല്ലെങ്കിലും ശരി- എത്രയോ ഭയങ്കരമാണ് അതുമൂലം ഈ ജീവിതത്തിലോ പരലോക ജീവിതത്തിലോ നേരിടേണ്ടി വരുന്ന തിന്മ. സൂക്തത്തിന്റെ അവതരണ പശ്ചാത്തലം ഖുറൈശികളെ ഇങ്ങനെ ഉണർത്തുകയാണ്: നിങ്ങളുടെ ഈ അധാർമിക നടപടികൾകൊണ്ടും ദൈവധിക്കാരംകൊണ്ടും അല്ലാഹുവിനോ അവന്റെ ദൂതനോ ഒരു ചുക്കും വരാൻപോകുന്നില്ല. ദോഷങ്ങളത്രയും വരാനിരിക്കുന്നത് നിങ്ങൾക്കു തന്നെയാണ്. സത്യനിഷേധവും അക്രമങ്ങളും അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾക്കെതിരായ അനിഷേധ്യ ന്യായങ്ങളായി ഉയർന്നുവരും. ആ മാർഗത്തിൽ എത്രത്തോളം മുന്നേറുന്നുവോ അത്രത്തോളം നിങ്ങൾ ദൈവശിക്ഷയോട് അടുക്കുകയാണ്. ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയാണല്ലോ നിങ്ങൾ അസത്യവും അനാചാരവും അനുവർത്തിക്കുന്നത്. ഭൗതിക സുഖം എത്രയൊക്കെ നേടിയാലും ഏതാനും നാളത്തെ ഐഹിക ജീവിതത്തിനു മാത്രമുള്ളതാണ്. ഓർത്തിരിക്കുക, അതുകഴിഞ്ഞാൽ സ്രഷ്ടാവും വിധാതാവുമായ അല്ലാഹുവിന്റെ മുന്നിൽ തന്നെ മനുഷ്യൻ തിരിച്ചെത്തിയേ തീരൂ. മറ്റെങ്ങും അവന് പോകാനില്ല. അങ്ങനെ അല്ലാഹുവിങ്കൽ തിരിച്ചെത്തുന്ന നാളിൽ, ഭൗതിക ജീവിതത്തിൽ ചെയ്ത കർമങ്ങളുടെ നന്മതിന്മകൾ അവൻ വ്യക്തമായി വേർതിരിച്ചു കാണിച്ചു തരും. നന്മകൾക്ക് രക്ഷയും തിന്മകൾക്ക് ശിക്ഷയും വിധിക്കുകയും ചെയ്യും. പാപികൾക്ക് ആരുടെയും ശിപാർശയോ സഹായമോ ഒന്നും അവിടെ പ്രയോജനപ്പെടുകയില്ല. ■